**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2332** **30-07-2021 - ൽ മറുപടിയ്ക്ക്**

**സഹോദരൻ അയ്യപ്പൻ സ്മാരകം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ | | **Shri Saji Cherian**<br>**(മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി)** | |
| (എ) | വൈപ്പിൻ മണ്ഡലത്തിലെ പള്ളിപ്പുറം വില്ലേജിൽ ചെറായിയിൽ സഹോദരൻ അയ്യപ്പൻ സ്മാരകത്തിന് സമീപത്തായി, സഹോദരൻ അയ്യപ്പൻ മിശ്രഭോജനം നടത്തിയതിന്റെ സ്മരണാർത്ഥം സ്മാരകം നിർമ്മിക്കുന്നതിനായി സ്ഥലം ഏറ്റെടുക്കുന്ന പ്രവൃത്തിയുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ; | (എ) | മുസിരിസ് പൈതൃക പദ്ധതിയുമായി ബന്ധപ്പെട്ട് മിശ്രഭോജൻ സ്മാരക നിർമ്മാണത്തിനായി എറണാകുളം ജില്ലയിൽ കൊച്ചി താലൂക്കിൽ പള്ളിപ്പുറം വില്ലേജിൽ റീ-സർവ്വേ നമ്പർ 95/15-ൽ ഉൾപ്പെട്ട മൂന്ന് സെന്റ് സ്ഥലം LARR Act 2013 പ്രകാരം ഏറ്റെടുക്കുന്നതിന് അർത്ഥനാധികാരിയ്ക്ക് അനുമതി നൽകി കൊണ്ടും പ്രസ്തുത സ്ഥലം ഏറ്റെടുക്കുന്നതിന് ആവശ്യമായ തുക 5452-01-800-84-Muziris Heritage & Spice Route (Plan) എന്ന ശീർഷകത്തിൽ നിന്ന് വഹിക്കേണ്ടതാണെന്ന് പരാമർശിച്ച് കൊണ്ടും 06.12.2017-ലെ സ. ഉ. (സാ. ധാ) നമ്പർ. 589/2017/ടൂറിസം പ്രകാരം സർക്കാരിലെ വിനോദ-സഞ്ചാര വകുപ്പ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. തുടർന്ന് പ്രസ്തുത ഭൂമി ഏറ്റെടുക്കുന്നതിനുള്ള പൊന്നുംവില നടപടികളുടെ ഭാഗമായി അന്തിമ വിജ്ഞാപനം 2020 നവംബർ മാസം 02 തിയതിയിൽ എറണാകുളം ജില്ലാ കളക്ടർ പുറപ്പെടുവിച്ചിട്ടുള്ളതും, ആയതിനെ തുടർന്നുള്ള ഡ്രാഫ്റ്റ് അവാർഡ് 25.06.2021-ൽ ജില്ലാ കളക്ടർ അംഗീകരിച്ചിട്ടുള്ളതും ഭൂ-ഉടമയ്ക്ക് അവാർഡ് നോട്ടീസ് നൽകിയിട്ടുള്ളതുമാണ്. |
| (ബി) | ഇതുസംബന്ധിച്ച് സാംസ്കാരിക വകുപ്പിലെ A2/12/2015 നമ്പർ ഫയലിന്മേൽ സ്വീകരിച്ചിട്ടുള്ള നടപടി വ്യക്തമാക്കാമോ? | (ബി) | തനതു ഫണ്ടുപയോഗിച്ച് സ്ഥലം വാങ്ങുന്നതിന് അനുമതി ആവശ്യപ്പെട്ടുകൊണ്ടുള്ള പ്രസ്തുത ഫയലിൽ അന്തിമ തീരുമാനം കൈക്കൊണ്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ